**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4583 20/10/2011-ൽ മറുപടിയ്ക്ക്

<u>വീടുകളിൽ മത്സ്യം വളർത്തുന്നതിലേയ്ക്ക് പ്രത്യേക പദ്ധതി</u>

<u>ചോദ്യം</u>

**ശ്രീ. ജി. എസ്. ജയലാൽ**

<u>മറുപടി</u>

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) വീടുകളിൽ മത്സ്യം വളർത്തുന്നതിലേയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കരിമീൻ വർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വീടുകളിൽ വിവിധ ആവശ്യങ്ങൾക്കായി ജലം ശേഖരിക്കുന്ന ടാങ്കുകളോ ചെറുകുളങ്ങളോ കരിമീൻ കൃഷിയ്ക്ക് ഉപയുക്തമാക്കി കരിമീൻ കൃഷി ചെയ്യുന്നതിന് 'അടുക്കളക്കുളങ്ങൾ' എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നു. |
| (ബി) അലങ്കാര മത്സ്യങ്ങൾക്കും, ഇതര മത്സ്യങ്ങൾക്കും പ്രത്യേകം പ്രത്യേകമായാണോ പദ്ധതികൾ നടപ്പിലാക്കുന്നത്; | (ബി) അതെ. |
| (സി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വെള്ളം ശേഖരിച്ച് നിർത്തുന്നതിലേയ്ക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) ഉണ്ട്. കരിമീൻ വർഷം പദ്ധതി പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള ഫെറോസ് സിമെന്റ് ടാങ്ക് നിർമ്മിക്കുന്നതിന് 15000/- രൂപയും സിൽപോളിൻ ടാങ്ക് നിർമ്മിക്കുന്നതിന് 7500/- രൂപയും കർഷകർക്ക് ഗ്രാന്റായി നൽകുന്നുണ്ട് |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ വീട്ടമ്മമാർക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും മുൻഗണന നൽകുവാൻ സർക്കാർ സന്നദ്ധമാകുമോ; | (ഡി) പരിശോധിക്കുന്നതാണ്. |
| (ഇ) പ്രസ്തുത പദ്ധതികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്? | (ഇ) കരിമീൻ വർഷം പദ്ധതി ഫിഷറീസ് ഡിപ്പാർട്ട്മെന്റ് എല്ലാ ജില്ലകളിലും മത്സ്യകർഷക വികസന ഏജൻസി വഴി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.